പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1859

10/03/2020 ൽ മറുപടി നല്കേണ്ടത്.

## പള്ളുരുത്തി താലൂക്ക് ആശുപത്രി കോമ്പൗണ്ടിലെ കെട്ടിടം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | **കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി) |
| (എ) സീമെറ്റ് കോളേജ് ഓഫ് നഴ്സിംഗിലെ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ സൗകര്യം തൃപ്പൂണിത്തുറയിലേക്ക് മാറ്റിയതോടെ ഉപയോഗ ശൂന്യമായി കിടക്കുന്ന പള്ളുരുത്തി താലൂക്ക് ആശുപത്രി കോമ്പൗണ്ടിലെ കെട്ടിടവും അനുബന്ധ സ്ഥലവും ആശുപത്രിയുടെ വികസനത്തിനായി ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;<br>(ബി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) സീമെറ്റ് നേഴ്സിംഗ് കോളേജിലെ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ പ്രവർത്തിച്ചിരുന്ന കെട്ടിടവും അനുബന്ധ സ്ഥലവും ആശുപത്രിക്ക് വേണ്ടി ഏറ്റെടുക്കുന്നതിനുള്ള നടപടി ആശുപത്രി സൂപ്രണ്ട് നഗരസഭ മുഖേന കൈക്കൊണ്ട് വരുന്നു. |
| (സി) പ്രസ്തുത കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം ആരുടെ പേരിലാണെന്ന് വ്യക്തമാക്കാമോ; | (സി) ആശുപത്രി കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം ആരോഗ്യവകുപ്പ് ഡയറക്ടറുടെ പേരിലാണ്. |
| (ഡി) പ്രസ്തുത കെട്ടിടത്തിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | (ഡി) ഇതുവരെ നടപടി സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ